# CAREER Updates
# പത്രവൃത്താന്തം

13.09.2023 (ബുധൻ)



- ⇨ **2022-ലെ ശാന്തി സ്വരൂപ് ഭട്നഗർ പുരസ്കാരം നേടിയ മലയാളി**
- ✔ ഡോ. എ.ടി. ബിജു
- ബംഗലുരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഓർഗാനിക് കെമിസ്ട്രി അധ്യാപകനായ ഡോ. ബിജുവിന് ഓർഗാനോ കറ്റാലിസിസ് മേഖലയിലെ ഗവേഷണത്തിനാണ് 2022-ലെ ശാന്തി സ്വരൂപ് ഭട്നഗർ പുരസ്കാരം ലഭിച്ചത്.
- ഡോ. എ.ടി. ബിജു ഉൾപ്പെടെ 12 ശാസ്ത്രജ്ഞരാണ് 2022-ലെ ശാന്തി സ്വരൂപ് ഭട്നഗർ പുരസ്കാരത്തിന് അർഹരായത്.
- സി.എസ്.ഐ.ആറിന്റെ ആദ്യ ഡയറക്ടർ ജനറലായിരുന്ന ശാന്തി സ്വരൂപ് ഭട്നഗറിന്റെ സ്മരണാർത്ഥം 45 വയസ്സിൽ താഴെയുള്ള ഇന്ത്യൻ ശാസ്ത്രജ്ഞർക്കാണ് ശാന്തി സ്വരൂപ് ഭട്നഗർ പുരസ്കാരം നൽകപ്പെടുന്നത്. അഞ്ച് ലക്ഷം രൂപയാണ് പുരസ്കാരത്തുക. ജേതാക്കൾക്ക് പ്രതിമാസം 15,000 രൂപ വീതം ലഭിക്കുകയും ചെയ്യും.

- ⇨ **2023 സെപ്തംബറിൽ നിപ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട കേരളത്തിലെ ജില്ല**
- ✔ കോഴിക്കോട്
- മൃഗങ്ങൾക്കിടയിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന നിപ ഒരു വൈറസ് (ആർ.എൻ.എ.) രോഗമാണ്.
- ⇨ **2023 സെപ്തംബറിൽ വീശിയടിച്ച ഡാനിയേൽ ചുഴലിക്കാറ്റിനെ തുടർന്ന് പ്രളയം നേരിടേണ്ടി വന്ന ലോകരാജ്യം**
- ✔ ലിബിയ
- ⇨ **2023 സെപ്തംബറിൽ ഏകദിന ക്രിക്കറ്റിൽ 10,000 റൺസ് തികച്ച ഇന്ത്യൻ താരം**
- ✔ രോഹിത് ശർമ
- ഏഷ്യാ കപ്പിൽ ശ്രീലങ്കയ്ക്കെതിരായ മത്സരത്തിലൂടെയാണ് രോഹിത് ശർമ ഏകദിന ക്രിക്കറ്റിൽ 10,000 റൺസ് എന്ന നാഴികക്കല്ല് പിന്നിട്ടത്.
- ഏകദിന ക്രിക്കറ്റിൽ 10,000 റൺസ് തികച്ച പതിനഞ്ചാമത്തെ താരവും ആറാമത്തെ ഇന്ത്യൻ താരവുമാണ് രോഹിത് ശർമ.
- ⇨ **2023 സെപ്തംബറിൽ ഓപ്പണറായി ഏറ്റവുമധികം സെഞ്ചുറികൾ നേടിയ താരം എന്ന റെക്കോഡ് സ്വന്തം പേരിലാക്കിയ ആസ്ട്രേലിയൻ ക്രിക്കറ്റർ**
- ✔ ഡേവിഡ് വാർണർ
- ദക്ഷിണാഫ്രിക്കയ്ക്കെതിരായ മത്സരത്തിൽ ഓപ്പണറായി തന്റെ 46-ാം സെഞ്ചുറി നേടിയാണ് ഡേവിഡ് വാർണർ റെക്കോഡ് കുറിച്ചത്. ഓപ്പണറായി 45 സെഞ്ചുറികൾ നേടിയിട്ടുള്ള ഇന്ത്യൻ താരം സച്ചിൻ ടെൻഡുൽക്കറിന്റെ റെക്കോഡാണ് വാർണർ മറികടന്നത്.

- ⇨ **2023 സെപ്തംബറിൽ ട്രാൻസ് അനറ്റോലിയ റാലിയിൽ ജേതാവായ മലയാളി താരം**
- ✔ ഹാരിത്ത് നോഹ
- 450 സി.സി. വരെയുള്ള മോട്ടോർ വെഹിക്കിളുകളുടെ ബി വൺ ക്ലാസ്സ് മത്സരത്തിലാണ് ഷൊർണ്ണൂർ സ്വദേശിയായ ഹാരിത്ത് നോഹ ജേതാവായത്. രാജ്യാന്തര മത്സരങ്ങളിലെ ഇദ്ദേഹത്തിന്റെ ആദ്യ ജയമാണിത്.
- ⇨ **2023 സെപ്തംബറിൽ വിരമിച്ച ബ്രിട്ടന്റെ ഇതിഹാസ അത്‌ലറ്റിക് താരം**
- ✔ മോ ഫെറ
- ലോക ചാമ്പ്യൻഷിപ്പുകളിൽ ആറ് തവണ സ്വർണ്ണം നേടിയിട്ടുള്ള താരമാണ് മോ ഫെറ.
- ⇨ **2023 സെപ്തംബറിൽ അതിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥയിലേക്ക് മടക്കി എത്തിച്ച ലോകത്തിലെ ഏറ്റവും ഏകാകിയായിരുന്ന സിംഹം**
- ✔ റൂബിൻ
- ⇨ **കെ.എസ്.ആർ.ടി.സി. ബസുകളിൽ കൺസഷൻ ലഭിക്കുന്നതിനുള്ള ഉയർന്ന പ്രായ പരിധി 2023 സെപ്തംബറിൽ എത്രയായാണ് ഉയർത്തിയത്?**
- ✔ 27 വയസ്സ്
- ⇨ **2023 സെപ്തംബറിൽ അന്തരിച്ച പ്രശസ്ത മാപ്പിളപ്പാട്ട് ഗായിക**
- ✔ അസ്മ കൂട്ടായി
- ⇨ **ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള യുദ്ധ വിമാനത്താവളം നിലവിൽ വരുന്ന ഇന്ത്യയിലെ കേന്ദ്രഭരണ പ്രദേശം**
- ✔ ലഡാക്ക്
- ⇨ **2023 സെപ്തംബറിൽ ഉത്തേജക പരിശോധനയിൽ പരാജയപ്പെട്ടതിനെ തുടർന്ന് നാല് വർഷത്തേക്ക് വിലക്ക് ഏർപ്പെടുത്തിയ റൊമേനിയൻ വനിതാ ടെന്നിസ് താരം**
- ✔ സിമോണ ഹാലെപ്പ്

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999